കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ഷീബ.ആറിനെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(സാധാ) നം.3503/2015/തസ്വഭവ തീയതി,തിരുവനന്തപുരം, 25/11/2015**

---

പരാമർശം : 1. 25/11/2005 ലെ സഉ(പി) നം. 501/05/ധന നമ്പർ ഉത്തരവ്.
2. 9/02/2010 ലെ ലെ സഉ(പി) നം. 61/2010/ധന നമ്പർ ഉത്തരവ്.
3. ശ്രീമതി.ഷീബ.ആർ ന്റെ 25/06/2010 ലെ അപേക്ഷ.
4. ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 17/06/2010 ലെ 37-ാം നമ്പർ തീരുമാനം.
5. പഞ്ചായത്തു ഡയറക്ടറുടെ 17/09/2014 , 15/12/2014 തീയതികളിലെ ഇ 9-30496/11 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ഷീബ.ആർ തന്റെ നിയമന ക്രമവൽക്കരണത്തിനായി പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം 4 പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും പരാമർശം 5 ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. 379.206 ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യ ഉള്ള ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഓഫീസ് സ്വീപ്പർ തസ്തിക നിലവിലില്ല .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01/04/1998 മുതൽ ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി .

ഷീബ.ആറിനെ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ്വ തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല. സി.എസ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം.
സെക്രട്ടറി, ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം ജില്ല.
ശ്രീമതി . ഷീബ . ആർ. പാർട്ട് ടൈം സ്വീപ്പർ,ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്.തിരുവനന്തപുരം ജില്ല.
(സെക്രട്ടറി, ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം. 103493 /വ്യയം സി2/15/ധന തീയതി 21/07/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ